ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ.

177. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957 മുതൽ താഴെ പറയുന്ന താലൂക്കുകളിലെ ഓരോ പഞ്ചായത്തിലും ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ എത്ര വീതമുണ്ട് ; ഇവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;
1. നെയ്യാറ്റിൻകര 2. തിരുവനന്തപുരം 3. ചിറയിൻകീഴ് 4. നെടുമങ്ങാട്

(ബി) ഈ താലൂക്കിലെ ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള വീടുകൾ ഏതേതു് സമുദായത്തിൽ പെട്ടവർക്കാണു് ?

ഉത്തരം

(എ, ബി) വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് * മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

മാവേലിക്കര ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ.

178. [7] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര താലൂക്കിൽ ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമവകുപ്പിൽനിന്നും അനുവദിച്ച വീടുകൾ എത്ര ;

(ബി) അവയിൽ 800 രൂപായുടെതെത്ര ; 1000 രൂപായുടെതെത്ര ;

(സി) ഓരോ പഞ്ചായത്തിലും അനുവദിച്ച വീടുകൾ ഏതേതു് സമുദായത്തിൽ പെട്ടവർക്കാണു് ?

ഉത്തരം

(എ) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) 23 വീടുകൾക്കു് 800 രൂപാ വീതവും 35 വീടുകൾക്ക് 1000 രൂപാ വീതവും അനുവദിച്ചു.

(സി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

കൊല്ലം താലൂക്കിലേക്കു് ഹരിജനക്ഷേമവകുപ്പിൽ നിന്നും അനുവദിച്ച വീടുകൾ.

179. [8] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം താലൂക്കിലുള്ള ഓരോ പഞ്ചായത്തിലും 1957 മുതൽ ഹരിജനക്ഷേമ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ള വീടുകൾ എത്ര വീതമുണ്ടു് ?

---

* Placed in the library.

† Appendix X

LIBRARY ARCHIVES Kerala Legislative Assembly